# നെഹ്റുയിസം—
# നെഹ്റുവിന്നു ശേഷം

—എൻ. വി. കൃഷ്ണവാരിയർ

**മാർക്സിസം**, ഗാന്ധിസം എന്നെല്ലാം പറയുംപോലെ ഒരു "നെഹ്റുയിസം" ഉണ്ടോ? പൂർണ്ണമായ ഒരു ജീവിതദർശനം, വ്യക്തി-സമഷ്ടികളുടെ ജീവിതലക്ഷ്യങ്ങളെക്കുറിച്ചും, ആ ലക്ഷ്യങ്ങൾ നേടാനുള്ള മാർഗ്ഗത്തിന്റെ വിവിധഘട്ടങ്ങളെക്കുറിച്ചും വിശദമായ അവബോധം, ഉൾക്കൊള്ളുന്ന ഒരാശയസംഹിതയെയാണ് സാധാരണയായി നാം "ഇസം" എന്നവസാനിക്കുന്ന വാക്കുകൾകൊണ്ടു വിളിക്കാറ്. നെഹ്റുവിന്ന് ഒരു ജീവിതദർശനമുണ്ടായിരുന്നു; അതിന്റെ ഘടകങ്ങൾ ഏറെക്കുറെ ഗാന്ധി, മാർക്സ് മുതലായ വ്യത്യസ്ത വ്യക്തികളുടെ ജീവിതദർശനങ്ങളിൽനിന്നെടുത്തു സമന്വയിച്ചതാണെങ്കിലും. അതുപോലെ, വ്യക്തികളുടെയും സമുദായങ്ങളുടെയും ജീവിതലക്ഷ്യങ്ങളെക്കുറിച്ചും, അവ നേടാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും വ്യക്തമായ ധാരണയും നെഹ്റുവിന്നുണ്ടായിരുന്നു. അതിനാൽ, "നെഹ്റുയിസം" എന്ന ഒന്ന് ഉണ്ടെന്നു പറയാൻ നാം തീരെ സംശയിക്കേണ്ടതില്ല.

ഗാന്ധിസത്തിന്നെന്നപോലെ നെഹ്റുയിസത്തിന്നും, വ്യക്തിജീവിതസംസ്കരണത്തിന്നുതകുന്ന ഒരു വശവും സമുദായപുരോഗതിക്കുതകുന്ന മറ്റൊരു വശവുമുണ്ട്. ഇതിൽ ആദ്യം പറഞ്ഞ വശമാണ് ഇന്നത്തെ ചുറ്റുപാടുകളിൽ കൂടുതൽ പ്രധാനപ്പെട്ടതു് എന്നു തോന്നുന്നു. കാരണം, ആ ഘടകത്തിന്നു പരിതഃസ്ഥിതികളിൽ വരുന്ന മാററങ്ങൾക്കനുസൃതമായി വലിയ മാററം ഒന്നും വരുന്നില്ല. എന്നാൽ, രണ്ടാമത്തെ വശം, അതായതു് സാമൂഹ്യവശം, അതാതു് കാലത്തെ പരിതഃസ്ഥിതികൾക്കനുസരിച്ചു് വ്യത്യാസപ്പെടുന്നതാണ്. പരിതഃസ്ഥിതി മാറുന്നതനുസരിച്ചു്, സാമൂഹ്യലക്ഷ്യങ്ങൾ നേടാൻ ഗാന്ധിജിയോ നെഹ്റുവോ നിർദ്ദേശിച്ച മാർഗ്ഗം അപര്യാപ്തമോ അനുപയുക്തമോ ആയി വന്നേയ്ക്കാം. ഗാന്ധിജി ഉപദേശിച്ച അഹിംസകൊണ്ടു് ചീനക്കാരുടെയോ പാക്കിസ്ഥാൻകാരുടെയോ ആക്രമണം തടയാമെന്ന് ഇന്ത്യയിൽ എത്ര പേർ ഇന്നു കരുതുന്നുണ്ട്?

**ജീവിതം** ഒരു സാഹസയാത്രയാണെന്ന വിശ്വാസത്തിലൂടെ പ്രകടമാകുന്ന "ഡൈനാമിസം" അഥവാ 'ചലനാത്മകത്വം' ആണ് "നെഹ്റുയിസത്തി"ന്റെ ഒരു പ്രമുഖഘടകം. നെഹ്റു മരിച്ചു് ഒരു കൊല്ലം കഴിഞ്ഞ ശേഷം, ഇന്ന്, നമ്മുടെ രാഷ്ട്രത്തിന്റെയോ വ്യക്തികളുടെയോ — പ്രത്യേകിച്ചും രാഷ്ട്രത്തിന്റെ—ജീവിതദർശനത്തിൽ, ഈ "ഡൈനാമിസ"ത്തിന്നുള്ള സ്ഥാനം നഷ്ടപ്പെട്ടപോലെ തോന്നുന്നു. പുതിയ അനുഭൂതികൾക്കു വേണ്ടിയുള്ള ത്വര, സമഗ്രമായ സാമൂഹ്യപുനഃസംവിധാനത്തിന്നുള്ള ഒരു വെമ്പൽ, ഇന്നു നമ്മുടെ നാട്ടിലുണ്ടോ? അതിന്റെ സ്ഥാനത്തു്, "സ്റ്റാററസ് കോ" എങ്ങിനെയെങ്കിലും നിലനിർത്താനുള്ള ഉൽക്കണ്ഠയല്ലേ പ്രകടമാകുന്നതു്? ഇന്ന് ആളുകൾക്കു് നൽകുന്ന ആറൌൺസ് അരി തുടർന്നു നൽകാൻ കഴിഞ്ഞാൽ, അതുപോലെ ഇന്ന് അവർക്കു ലഭ്യമായ സൌകര്യങ്ങൾ വളരെയൊന്നും കുറയ്ക്കാതിരിയ്ക്കാൻ സാധിച്ചാൽ, വലിയ ആശ്വാസമായെന്ന ഭാവമല്ലേ ഭരണകൂടത്തിന്ന്? സമൃദ്ധിയുടെയും സോഷ്യലിസത്തിന്റെയും മററും വാഗ്ദാനങ്ങൾ ഇടയ്ക്കിടെ ആവർത്തിച്ചു കേൾക്കുന്നുണ്ടെങ്കിലും, ഈ വാഗ്ദാനങ്ങൾ ഇന്നത്തെ സംവിധാനത്തിന്റെ ചട്ടക്കൂട്ടിന്നകത്തു് നിറവേററപ്പെടുമെന്ന വിശ്വാസം വളരെയധികം പേർക്കുമില്ലെന്ന് എനിയ്ക്കു തോന്നുന്നു. നെഹ്റുയിസത്തിന്റെ കാതലായ വശം നാം മറന്നുകഴിഞ്ഞിരിക്കുന്നു എന്നാണിതു കാണിക്കുന്നതു്. ഇതുനിമിത്തമാണ്, നെഹ്റു നമ്മെ വിട്ടുപോയിട്ട് ഒരു വർഷം തികയുന്നേ ഉള്ളുവെങ്കിലും, അദ്ദേഹം എത്രയോ യുഗങ്ങൾക്കു മുമ്പാണ് ജീവിച്ചിരുന്നതെന്ന ഒരു ധാരണ പലരിലും കണ്ടുവരുന്നതു്.

നെഹ്റു ഒരന്താരാഷ്ട്രീയവാദിയായിരുന്നു. അദ്ദേഹത്തിന്റെ സന്ദേശം ഭാരതത്തിന്നു മാത്രമുള്ളതായിരുന്നില്ല; ലോകത്തിന്നു മുഴുവനുമുള്ളതായിരുന്നു. പ്രത്യേകിച്ചു് ഇന്ത്യയെപ്പോലെ അടുത്ത കാലത്തു സ്വാതന്ത്ര്യം നേടിയ ഏഷ്യയിലെയും ആഫ്രിക്കയിലെയും പിൻനിലരാജ്യങ്ങളുടെ ത്വരിതമായ

വികസനത്തിന്ന് അദ്ദേഹത്തിന്റെ സംഭാവന ഗണ്യമാണ്; യുദ്ധങ്ങളൊഴിഞ്ഞ് ലോകത്തിൽ സമാധാനം നിലനിന്നാലേ പിൻനില രാജ്യങ്ങൾക്കു വികസിതരാജ്യങ്ങളുടെ നിലയിലേക്ക് ഉയരാൻ കഴിയൂ എന്നു നെഹ്റു കണ്ടു. യുദ്ധമൊഴിവാക്കാനുള്ള ഒരു മാർഗ്ഗമെന്നനിലയിൽ ചേരിചേരായ്മയ്ക്കുവേണ്ടി അദ്ദേഹം വാദിച്ചു. നിരായുധീകരണത്തിൽ, പ്രത്യേകിച്ച്, അണുസ്ഫോടനനിരോധനത്തിൽ, എന്നും അദ്ദേഹം തല്പരനായിരുന്നു. എന്നാൽ, ഈ ലക്ഷ്യങ്ങൾ ഇന്നു തുലോം അകന്നുപോകുന്നതായാണ് കാണുന്നതു്. പത്തു കൊല്ലം മുമ്പ് ബാന്ദുങ്ങ്സമ്മേളനക്കാലത്ത് ഒററക്കെട്ടായി നിലകൊണ്ടിരുന്നുവെന്നു തോന്നിയ ഏഷ്യൻ-ആഫ്രിക്കൻചേരി ഇന്ന് പലപാട് പിളർന്നിരിക്കുന്നു. പാകിസ്ഥാൻ, ഇൻഡോനേഷ്യ എന്നിവപോലെ പല രാജ്യങ്ങളും ചേരിചേരാനയം കൈവെടിഞ്ഞിരിക്കുന്നു. പണ്ടത്തെ ആംഗ്ലോ-അമേരിക്കൻ ചേരിയിൽനിന്ന്, ഡിഗാളിന്റെ നേതൃത്വത്തിൽ ഒരു പുതിയ "മൂന്നാംചേരി" രൂപമെടുക്കുന്നതായും കാണുന്നു. യുദ്ധഭീഷണി വർദ്ധിച്ചിരിക്കുന്നു. "എസ്കലേഷൻ" ഇന്നൊരു സാധാരണ വാക്കായിരിക്കുന്നു. വിയറ്റ്നാമിൽ റഷ്യയും അമേരിക്കയും എന്നുവേണമെങ്കിലും നേരിട്ട് ഏററുമുട്ടാംഎന്നതാണ് നില. അണ്വായുധങ്ങൾ പുതിയ രാജ്യങ്ങളിലേക്കു പരന്നുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ നെഹ്റുവിന്റെ സന്ദേശത്തിലെ അന്താരാഷ്ട്രീയപ്രാധാന്യമുള്ള വശം മിക്കു രാജ്യങ്ങളും അവഗണിച്ച മട്ടാണ് ഇന്ന്. മുമ്പ് കൊറിയയിലും പിന്നീട് വിയറ്റ്നാമിലും സമാധാനം സ്ഥാപിക്കുന്നതിൽ കാര്യമായ പങ്കു വഹിച്ച ഇന്ത്യയുടെ സ്വാധീനശക്തി ഇന്ന് തുലോം ദുർബ്ബലമായിരിക്കുന്നു. മാത്രമല്ല, അയൽവക്കത്തെ രണ്ടു രാഷ്ട്രങ്ങളുമായി പ്രഖ്യാപിതമായ ഒരു യുദ്ധത്തിലല്ലെങ്കിൽ നിരന്തരമായ ഏററുമുട്ടലിൽ ഇന്ത്യ കുടുങ്ങിയിരിക്കുകയുമാണ്.

ചൈന അണുബോംബുണ്ടാക്കിയതോടെ, ഇന്ത്യയ്ക്ക് എന്തുകൊണ്ട് അണുബോംബുണ്ടാക്കിക്കൂട എന്ന ചോദ്യം ഇവിടെ പാർലിമെൻറിലും മററും ഉയർന്നുവന്നു. ചൈനക്കാരുടെ രണ്ടാംഅണുബോംബുവിസ്ഫോടനം ഈ ചോദ്യത്തെ കൂടുതൽ ഉച്ചത്തിൽ ആക്കിയിട്ടുണ്ട്. അണുബോംബു നിർമ്മിക്കണമോ വേണ്ടയോ എന്നൊരു ഹിതപരിശോധന ഇന്നു നടത്തുന്നപക്ഷം, ഭൂരിഭാഗം ഇന്ത്യക്കാരുടെ വോട്ട് ഏതു ഭാഗത്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ജനാധിപത്യപരമായ പ്ലാനിങ്ങിലൂടെ സോഷ്യലിസം സ്ഥാപിക്കുകയെന്നതാണ് നെഹ്റു ഇന്ത്യയ്ക്കു നിർദ്ദേശിച്ച ഭാഗധേയം. ഇതിന്റെയൊപ്പം മതാതീതമായ ഒരു ഭൗതികരാഷ്ട്രമാവണം ഇന്ത്യയെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. പ്രാദേശികഭേദങ്ങൾക്കുപരി ഇന്ത്യയുടെ ഐക്യത്തിലദ്ദേഹം ഉറച്ചുനിന്നു. ഈ ലക്ഷ്യങ്ങളെസംബന്ധിച്ചേടത്തോളം, നെഹ്റുവിന്റെ മരണത്തിന്നുശേഷം ഒരു കൊല്ലംകഴിഞ്ഞ് ഇന്ത്യ എവിടെ നിലക്കൊള്ളുന്നു എന്ന് ആലോചിക്കുന്നതു് പ്രയോജനകരമാണ്. ബ്രിട്ടീഷ് മാതൃകയിലുള്ള ലിബറൽ ഡെമോക്രസി ഇന്ത്യയിൽ വിജയിക്കുമോ എന്ന കാര്യത്തിൽ ഇന്ന് പലർക്കും സംശയമുണ്ട്; പ്രത്യേകിച്ചും കേരളത്തിന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ. ജനാധിപത്യത്തിൽ വേരൂന്നിനില്ക്കുന്ന പല വികസിത രാജ്യങ്ങളിലും—ഉദാ: ഫ്രാൻസ്, സ്വിററ്സർലൻഡ്, നോർവ്വേ, സ്വീഡൻ—ഈ മാതൃകയിലുള്ള ഭരണമല്ല എന്നോർക്കണം. ബ്രിട്ടീഷ് ജനാധിപത്യം ബ്രിട്ടീഷ് ചരിത്രത്തിന്റെ

(ശേഷം 10-ാം പേജിൽ)

**Why despair?**

**Success within your reach!**

**Join immediately**

## MASCOT TUTORIAL COLLEGE

**Nadakavu Cross Road, CALICUT-11**

*Classes for:* SSLC., PUC., Matric (Madras), Inter, BA (Tribhuvan 1966), B.Com and BSc.

*Apply to:* **The Director**

## കമലാ വാച്ച് കമ്പനി

**2-ാം ഗെയിററിന്നു സമീപം,**

**കോഴിക്കോട്.**

വൃത്തിയായും കൃത്യസമയത്തും ഉത്തരവാദിത്വത്തിലും വാച്ചുകൾ റിപ്പേർചെയ്തുകൊടുക്കുന്നു. കൂടാതെ സ്ട്രാപ്പ്, ചെയിൻ ഇവകളും മിതമായ വിലക്ക് വില്ക്കപ്പെടുന്നു.

*Prop:* **C. BALAN,**
KAMALA WATCH CO., Calicut-1.

(6-ാം പേജിലെ ബാക്കി)

ഒരു വികാസമാണ്. ആ ചരിത്രാനുഭൂതിയിലൂടെ കടന്നുവരാത്ത ഇന്ത്യയിൽ അതു് വിജയിക്കുമോ?

അടുത്തകാലത്തു് മൂർഛിച്ച ഭക്ഷ്യക്കുഴപ്പത്തെയും, ഈയിടെയാരംഭിച്ച മണ്ണെണ്ണക്കുഴപ്പത്തെയും മററും തുടർന്നു്, ഇന്നത്തെ രീതിയിലുള്ള പ്ലാനിങ്ങിലൂടെ സോഷ്യലിസം കൈവരുത്താമെന്ന വിചാരം വെറും വ്യാമോഹമാണെന്നും പലക്കും വ്യക്തമായിത്തുടങ്ങിയിട്ടുണ്ടു്. ദാരിദ്ര്യം പങ്കിടലല്ല സോഷ്യലിസം എന്നു് പറയാറുണ്ടു്. ഈ പറയൽ തികച്ചും ശരിയല്ല. സോഷ്യലിസത്തിന്നു് ഉല്പാദനമെന്നപോലെ വിതരണമെന്ന ഒരു വശവുമുണ്ടു്, രണ്ടും തുല്യപ്രധാനങ്ങളുമാണു്. ഉല്പാദനത്തിൽ മാത്രം ശ്രദ്ധിച്ചു്, വിതരണത്തെ അതിന്റെ പാട്ടിനുവിടുന്ന നമ്മുടെ "ജനാധിപത്യപര"മായ പ്ലാനിങ്ങിൽ, പണം മുഴുവൻ ഒരുപിടി ആളുകളുടെ കൈയിൽ കുന്നുകൂടുകയും സോഷ്യലിസം കൂടുതൽക്കൂടുതൽ വിദൂരത്തിൽ മങ്ങിമറയുകയുമാണു് സംഭവിയ്ക്കുന്നതു്. ഇന്നത്തെ സംവിധാനം ഇതേപടി നിലനില്ക്കുന്ന കാലത്തോളം, എന്തുതന്നെ എത്രതന്നെ ഉല്പാദിപ്പിച്ചാലും, ഇവിടെ നീതിപൂർവ്വമായ വിതരണം നടക്കുക സാദ്ധ്യമല്ലെന്നു് ഈയിടത്തെ ഭക്ഷണക്ഷാമത്തിന്റെ കടുത്ത അനുഭവങ്ങളിൽനിന്നു് നാം പഠിച്ചിരിയ്ക്കുന്നു. ആണ്ടുതോറും ഇവിടെ വർദ്ധിച്ചുവരുന്നതായി ഗവമ്മേണ്ടുതന്നെ പറയുന്ന കള്ളപ്പണം ജനാധിപത്യപരമായ പ്ലാനിങ്ങിലൂടെ സോഷ്യലിസം സ്ഥാപിയ്ക്കാനുള്ള നമ്മുടെ പ്രയത്നത്തിന്റെ പരാജയത്തെയാണു് കുറിയ്ക്കുന്നതു് എന്നതും നിസ്സംശയമാകുന്നു. ഇന്നു് ദാരിദ്ര്യം പങ്കിടുന്നതുവഴി മാത്രമേ നാളെ സമൃദ്ധി പങ്കിടുവാൻ കഴിയൂ എന്നാണു് "സോഷ്യലിസ"ത്തെ ഗൌരവമായെടുത്ത എല്ലാ രാഷ്ട്രങ്ങളുടേയും അനുഭവം.

മതാതീതത്വത്തെപ്പററിയും ദൈവതികത്വത്തെപ്പററിയുമുള്ള നമ്മുടെ സംസാരങ്ങൾ എത്രമാത്രം ആത്മാർത്ഥതയില്ലാത്തവയാണെന്നതിന്നു് കൂടക്കൂടെയുണ്ടാവുന്ന സാമുദായികാസ്വാസ്ഥ്യങ്ങൾ തെളിവാണു്. "ജാതി ഇന്നു് ഒരു ഭരണപരമായ തിന്മയായിരിയ്ക്കുന്നു" എന്നു പറഞ്ഞതു് പ്രസിഡണ്ടു് ഡോക്ടർ രാധാകൃഷ്ണനാകുന്നു. സ്ഥിതി ഇന്നും അതുതന്നെ. സാമുദായികവാദം നമ്മുടെയിടയിൽ മൂർച്ഛിക്കുകയല്ലാതെ ദുർബലമാവുകയാണെന്നുപറയാൻ എനിയ്ക്കു് ധൈര്യം തോന്നുന്നില്ല.

ഇന്ത്യയുടെ ഐക്യത്തെപ്പററിയും വൈകാരികമായ സംയോജനത്തെപ്പററിയും മററും, ഇക്കഴിഞ്ഞ ജനുവരിയിലേയും ഫെബ്രുവരിയിലേയും ഭാഷാകലഹങ്ങൾക്കുശേഷം, സംസാരിയ്ക്കാൻ കുറെയധികം ചങ്കൂററം വേണമെന്ന നിലയാണു്.

നെഹ്റുയിസത്തിന്റെ ഏതാനും ചില ഘടകങ്ങൾ ഇന്നത്തെ ഇന്ത്യയിൽ എത്രമാത്രം പ്രസക്തങ്ങളായിരിയ്ക്കുന്നു എന്നു് പരിശോധിക്കുകയേ ഇവിടെ ചെയ്തിട്ടുള്ളു. നെഹ്റുവിന്റെ നിര്യാണത്തിന്നുശേഷം ഇത്രവേഗം അദ്ദേഹത്തിന്റെ ആദർശങ്ങൾ ദുഷ്പ്രാപങ്ങളായ ദിവ്യസങ്കല്പങ്ങൾമാത്രമാണെന്നു നമുക്കു തോന്നിത്തുടങ്ങിയിട്ടുണ്ടെങ്കിൽ, അതിന്റെ കാരണമെന്തെന്നു ആരായേണ്ടിയിരിക്കുന്നു. തന്റെ ആദർശങ്ങൾ നടപ്പിൽവരുത്താനുള്ള ഉപകരണങ്ങൾ നെഹ്റു നിമ്മിക്കുകയുണ്ടായില്ല എന്നതാണു് ഈ കാരണം. ജനാധിപത്യപരിതസ്ഥിതിയിൽ, പാർട്ടിയും ഭരണകൂടവുമാണു് ഇതിന്നുള്ള ഉപകരണങ്ങൾ. സ്വാതന്ത്ര്യം കിട്ടിയതോടെ കോൺഗ്രസ്സിൽനിന്നു് പഴയ പല പോരാളികളും വിട്ടുപോയി; പുതിയ പല അധികാരമോഹികളും അതിൽ കയറിക്കൂടി. മററു പലരും നിഷ്ക്രിയരുമായി. സാമൂഹ്യവിപ്ലവം നടപ്പിൽ വരുത്തുന്നതിന്നുള്ള ഒരുപകരണമെന്ന നില കോൺഗ്രസ്സിന്നു് ഇതുമൂലം നഷ്ടപ്പെട്ടു. കോൺഗ്രസ്സ്കക്ഷിയെ ശുദ്ധീകരിച്ചു്, ആദർശത്തിൽ അടിയുറച്ച ഒരു കൂട്ടം കമ്മധീരന്മാരുടെ അച്ചടക്കമുള്ള ഒരു സേവനസേനയാക്കി അതിനെ മാററുവാൻ നെഹ്റുവോ അദ്ദേഹത്തിന്റെ സഹചരന്മാരോ ശ്രദ്ധിച്ചില്ല. അതുപോലെ, നൂററമ്പതാണ്ടുകളിലെ ബ്രിട്ടീഷ്വാഴ്ചയുടെകീഴിൽ രൂപപ്പെട്ടുവന്ന ഉദ്യോഗസ്ഥസംഘത്തിൽത്തന്നെയാണു് ഇന്ത്യയിൽ സോഷ്യലിസം സ്ഥാപിക്കുകയെന്ന ചുമതല നിക്ഷിപ്തമായതും! "കരിയറിസ്റ്റു"കളുടേതായ ഈ ബ്യൂറോക്രസിയുണ്ടോ സാമൂഹ്യവിപ്ലവത്തിന്നു് കളമൊരുക്കുന്നു?

നെഹ്റുവിന്റെ ആദർശങ്ങൾ കുറെയെങ്കിലും ഇന്ത്യയിൽ നടപ്പിലാക്കാൻ സഹായിച്ചതു് അദ്ദേഹത്തിന്റെ അനുപമമായ വ്യക്തിമാഹാത്മ്യമാണു്. ഇന്ത്യയിലെ ജനങ്ങൾ, ചോദ്യം കൂടാതെ, അദ്ദേഹത്തെ അനുസരിക്കാൻ തയ്യാറായിരുന്നു. അതിനാൽ, അദ്ദേഹം ഉണ്ടായിരുന്ന കാലത്തു്, നമ്മുടെ ജീവിതത്തിന്നു് ഒരുതരം ചലനാത്മകതയും, സോഷ്യലിസമെന്ന ലക്ഷ്യത്തിന്നു് പരക്കെ വിശ്വാസവും, എല്ലാം അനുഭവപ്പെട്ടുവന്നു. പക്ഷെ, അദ്ദേഹം രംഗത്തുനിന്നു തിരോഭവിച്ചതോടെ, വസ്തുതകൾ അവയുടെ യഥാർത്ഥമായ വൈരൂപ്യത്തോടെ നമ്മുടെ മുമ്പാകെ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുകയാണു്.

---

നിയവും സാഹിത്യകാരനെ പരോക്ഷമായി സഹായിക്കുന്നു. [illegible] ഖനിയിലെ ധാതുനിക്ഷേപങ്ങളുടെ രാസസംഘടനാവിശേഷങ്ങളറിയാൻ അതു് സഹായിക്കുന്നു. പക്ഷെ എഴുത്തുകാരന്നു് മനശ്ശാസ്ത്രകാരൻ ഒരിക്കലും ഒരു വഴി കാട്ടിയല്ല. എഴുത്തുകാരന്നു് ചിത്രകാരനും സാമൂഹ്യശാസ്ത്രജ്ഞനും മനോവിജ്ഞാനീയകാരനും ആവശ്യമാണു്. അയാളിൽ ഇതെല്ലാമുണ്ടു്, ഉണ്ടായിരിക്കണം.

(ആൾ ഇന്ത്യാ റേഡിയോ കോഴിക്കോട്ടുനിലയത്തിൽനിന്നു പ്രക്ഷേപണംചെയ്ത പ്രഭാഷണം. എം. ടി.)

—:o:—